കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ

DECEMBER 26 2017

ശബരിമല പത്രക്കുറിപ്പ്–1

മീഡിയ സെന്റർ ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidanam2018@gmail.com

# ഹരിവരാസനം പുരസ്കാരം കെ.എസ്. ചിത്രയ്ക്ക്

ശബരിമല: സംസ്ഥാന സർക്കാരിന്റെ ഹരിവരാസനം പുരസ്കാരം മലയാളത്തിന്റെ വാനമ്പാടി കെ.എസ് ചിത്രയ്ക്ക്. മതസൗഹാർദ്ദത്തിനും ദേശീയോദ്ഗ്രഥനത്തിനും നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് ചിത്രയെ പുരസ്കാരത്തിന് തെരഞ്ഞെടുത്തതെന്ന് സന്നിധാനത്ത് വാർത്താസമ്മേളനത്തിൽ ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവുമടങ്ങിയ പുരസ്കാരം ജനുവരി 14ന് രാവിലെ 10ന് സന്നിധാനത്ത് സമ്മാനിക്കും. കെ.എസ്. ചിത്രയുടെ ഗാനാർച്ചനയും നടക്കും.

ഉന്നതാധികാര സമിതി ചെയർമാൻ ജസ്റ്റിസ് എസ്. സിരിജഗൻ ചെയർമാനും ദേവസ്വം വകുപ്പ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, ദേവസ്വം കമ്മിഷണർ സി.പി. രാമരാജ പ്രേമപ്രസാദ് എന്നിവർ അംഗങ്ങളുമായ സമിതിയാണ് പുരസ്കാരജേതാവിനെ നിർണയിച്ചത്. 2012 മുതലാണ് ഹരിവരാസനം പുരസ്കാരം നൽകിവരുന്നത്. കെ.ജെ. യേശുദാസ്, എം. ജയചന്ദ്രൻ, ജയൻ, എസ്.പി. ബാലസുബ്രഹ്മണ്യം, എം.ജി. ശ്രീകുമാർ, ഗംഗൈ അമരൻ എന്നിവരാണ് മുമ്പ് പുരസ്കാരത്തിന് അർഹരായവർ.

(പി.ആർ. ശബരി 324)

# ശബരിമല വിരുദ്ധ പ്രചാരണങ്ങൾ ഭക്തർ തള്ളി: മന്ത്രി കടകംപള്ളി സുരേന്ദ്രൻ

## – ശബരിമലയ്ക്കെതിരായ കുപ്രചാരണം ഭക്തർ തള്ളി
## – 20 കോടി രൂപയുടെ അധികവരുമാനം

ശബരിമല: മകരവിളക്ക് തീർഥാടനത്തിനുള്ള ക്രമീകരണങ്ങൾ ആരംഭിച്ചതായി ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. സന്നിധാനത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കർണാടകയിൽ രാജ്യംഭരിക്കുന്ന ദേശീയപാർട്ടി നടത്തുന്ന ശബരിമല വിരുദ്ധ പ്രചാരണങ്ങൾ ഭക്തർ തള്ളി. ശബരിമലയിൽ കാണിക്കയർപ്പിക്കുന്ന പണം ഭരിക്കുന്ന പാർട്ടി വിനിയോഗിക്കുന്നു എന്നതടക്കമുള്ള പ്രചാരണമാണ് നടന്നത്. അതിനാൽ കാണിക്കയിടരുത് എന്നതടക്കമുള്ള പ്രചാരണം നടത്തി. കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ ഭക്തർ ശബരിമലയിലെത്തി. 20 കോടി രൂപയുടെ അധികവരുമാനം ലഭിച്ചു. ഡിസംബർ 25 വരെ 168.30 കോടി രൂപയാണ് വരുമാനം. കഴിഞ്ഞവർഷം ഇത് 148.84 കോടിയാണ്. ശബരിമലയിലെ നയാപൈസ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കില്ല. ദേവസ്വംബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങൾക്കുവേ ിയാണ് ചെലവഴിക്കുക.

അപ്പവും അരവണയും ഭക്തരുടെ ആവശ്യത്തിനനുസരിച്ച് നൽകുന്നു. ആവശ്യത്തിന് മരുന്ന് സ്റ്റോക്കു ്. ര ലക്ഷത്തോളം പേർ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടി. 18 എമർജൻസി സെന്ററുകൾ പ്രവർത്തിച്ചു. മണ്ഡലകാലത്തിനുശേഷം നടതുറക്കുന്നതിന് മുമ്പ് വാട്ടർ അതോറിറ്റി ടാങ്കുകളും ആർ.ഒ. പ്ലാന്റുകളും വൃത്തിയാക്കും. വനംവകുപ്പ് 242 പാമ്പുകളെ പിടികൂടി കാട്ടിലേക്ക് അയച്ചു. മകരവിളക്ക് തീർഥാടനത്തിന്റെ ക്രമീകരണങ്ങൾ വിലയിരുത്താൻ കളക്ടറുടെ നേതൃത്വത്തിൽ യോഗം ചേരും. വിവിധ വകുപ്പുകളും ദേവസ്വംബോർഡ് ഉദ്യോഗസ്ഥരും മികച്ച നിലയിൽ പ്രവർത്തിച്ചു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്തോ പമ്പയിലോ മകരവിളക്ക് അവലോകനയോഗം ചേരും–മന്ത്രി പറഞ്ഞു.

ഉന്നതാധികാര സമിതി ചെയർമാൻ ജസ്റ്റിസ് എസ്. സിരിജഗൻ, ദേവസ്വം വകുപ്പ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, ജില്ലാ കളക്ടർ ആർ. ഗിരിജ, ദേവസ്വം ബോർഡ് അംഗങ്ങളായ കെ. രാഘവൻ, കെ.പി. ശങ്കരദാസ്, ദേവസ്വംകമ്മിഷണർ സി.പി. രാമരാജ പ്രേമപ്രസാദ്, പി.ആർ.ഒ. മുരളി കോട്ടയ്ക്കകം എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

(പി.ആർ. ശബരി 325)

# ശബരിമല മാസ്റ്റർ പ്ലാൻ: പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കും

ശബരിമല: ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. ഉന്നതാധികാര സമിതി ചെയർമാൻ നിരന്തരം ഇടപെടുന്നു ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കും. അനുവദിച്ച പദ്ധതികൾ പൂർത്തീകരിച്ചാലേ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള പുതിയ അനുബന്ധപദ്ധതികൾ നടപ്പാക്കാൻകഴിയൂവെന്നും അദ്ദേഹം പറഞ്ഞു.

ദേവസ്വം ജീവനക്കാർ ദർശന ഇടപാടുകാരുടെ ആതിഥ്യം സ്വീകരിച്ചെന്ന ആരോപണം ദേവസ്വം വിജിലൻസ് അന്വേഷിക്കുന്നു ്. കുറ്റക്കാരെന്നു ക ത്തിയാൽ കർശന നടപടിയെടുക്കും. സന്നിധാനത്ത് ഈ ജീവനക്കാരെ പിന്നീട് പ്രവേശിപ്പിക്കില്ല. ഇക്കാര്യ

ത്തിൽ ഇടപെടലൊന്നും അനുവദിക്കില്ല. കർശന നിലപാട് സർക്കാർ സ്വീകരിക്കും. കമ്പ്യൂട്ടർവത്കരണം ഫലപ്രദമായി നടപ്പാക്കാൻ നടപടിയെടുക്കുമെന്നും മന്ത്രി പറഞ്ഞു.

ഉദ്യോഗസ്ഥതല യോഗം വിളിച്ച് മന്ത്രി പ്രവർത്തനങ്ങൾ വിലയിരുത്തി. അന്നദാന മണ്ഡപത്തിലെത്തി സൗകര്യങ്ങൾ വിലയിരുത്തിയ ശേഷം ഭക്തർക്കൊപ്പം ഭക്ഷണം കഴിച്ചു. ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാർ, ദേവസ്വം വകുപ്പ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, ജില്ലാ കളക്ടർ ആർ. ഗിരിജ, ദേവസ്വം ബോർഡ് അംഗങ്ങളായ കെ. രാഘവൻ, കെ.പി. ശങ്കരദാസ്, ദേവസ്വംകമ്മിഷണർ സി.പി. രാമരാജ പ്രേമ പ്രസാദ്, പൊലീസ് സ്പെഷൽ ഓഫീസർ സഞ്ജയ് കുമാർ ഗുരുഡിൻ, എക്സിക്യൂട്ടീവ് ഓഫീസർ വി.എൻ. ചന്ദ്രശേഖരൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

(പി.ആർ. ശബരി 326)

# റോപ് വേ നിർമാണം ഉടൻ ആരംഭിക്കും: ജസ്റ്റിസ് എസ്. സിരിജഗൻ

ശബരിമല: ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതികൾ അടുത്തവർഷം ഡിസംബറിനകം പൂർത്തീകരിക്കുമെന്ന് ഉന്നതാധികാര സമിതി ചെയർമാൻ ജസ്റ്റിസ് എസ്. സിരിജഗൻ പറഞ്ഞു. സന്നിധാനത്ത് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. റോപ്‌വേ നിർമാണം ഉടൻ ആരംഭിക്കും. ഇതിനായി വനംവകുപ്പിന്റെ അനുമതി വേണം. തുടർന്ന് പരിസ്ഥിതി ആഘാത പഠനം നടത്തി കഴിയും വേഗം നടപ്പാക്കാനാണ് ശ്രമം. മാലിന്യസംസ്ക്കരണ പ്ലാന്റിന്റെ പ്രവർത്തനം കഴിയുന്നതും വേഗം ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

(പി.ആർ. ശബരി 327)

# മകരവിളക്കിന് ക്രമീകരണം തുടങ്ങി; അവലോകന യോഗം ജനുവരി മൂന്നിന്

**– വ്യൂ പോയിന്റുകളിൽ പരിശീലനം നേടിയ ഉദ്യോഗസ്ഥരെ നിയോഗിക്കും**
**– തിരുവാഭരണ പാതയിലും വ്യൂ പോയിന്റുകളിലും ക്രമീകരണങ്ങളൊരുക്കിത്തുടങ്ങി**

ശബരിമല: മകരവിളക്ക് തീർഥാടനത്തിനായി ജില്ലാ കളക്ടർ ആർ. ഗിരിജയുടെ നേതൃത്വത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിത്തുടങ്ങി. ക്രമീകരണങ്ങൾ വിലയിരുത്താൻ കളക്ടറുടെ അധ്യക്ഷതയിൽ ജനുവരി മൂന്നിന് രാവിലെ 10.30ന് കളക്ടറേറ്റിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെയും തദ്ദേശസ്വയംഭരണസ്ഥാപന അധ്യക്ഷരുടെയും സെക്രട്ടറിമാരുടെയും ദേവസ്വം ഉദ്യോഗസ്ഥരുടെയും യോഗം ചേരും.

എട്ടു വ്യൂ പോയിന്റുകളിൽ മകരവിളക്ക് ദിവസം ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിനായി ഡിസംബർ 31, ജനുവരി ഒന്ന് തീയതികളിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി, പൊലീസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് ഉദ്യോഗസ്ഥ സംഘം സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകുമെന്ന് കളക്ടർ ആർ. ഗിരിജ പറഞ്ഞു. ഇതനുസരിച്ച് വഴിവിളക്ക്, കുടിവെള്ളം അടക്കമുള്ള സൗകര്യങ്ങളും ബാരിക്കേഡ് അടക്കമുള്ള സുരക്ഷാ സംവിധാനങ്ങളും തദ്ദേസ്വയംഭരണസ്ഥാപനങ്ങളുടെയും പൊലീസിന്റെയും സഹകരണത്തോടെ ഏർപ്പെടുത്തും. വ്യൂപോയിന്റുകളിൽ നിയോഗിക്കുന്ന റവന്യൂ ഉദ്യോഗസ്ഥർക്ക് ഡിസംബർ 10ന് പ്രത്യേക പരിശീലനം നൽകും. തിരക്ക് ഏറിയാൽ സുര

ക്ഷയ്ക്കായി ചെയ്യേ   കാര്യങ്ങൾ, കുടിവെള്ളവും മറ്റും കാര്യക്ഷമമായി വിതരണം ചെയ്യൽ തുടങ്ങിയവയിലാണ് പരിശീലനം.

തിരുവാഭരണ പാതയിൽ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നതിനായി ഉദ്യോഗസ്ഥരെ നിയോഗിച്ചു. പന്തളം നഗരസഭയുടെയും ചെറുകോൽ, കുളനട, മെഴുവേലി, ആറന്മുള, വല്ലപ്പുഴശേരി, കോഴഞ്ചേരി, അയിരൂർ, വടശേരിക്കര, റാന്നി–പെരുനാട് ഗ്രാമപഞ്ചായത്തുകളുടെയും ആഭിമുഖ്യത്തിലാണ് വഴിവിളക്ക്, തീർഥാടകർക്കുള്ള സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുക. ഇതിനുള്ള നിർദേശം നൽകിയിട്ടു ്. കുടിവെള്ള വിതരണത്തിന് അയ്യപ്പസേവാ സംഘത്തെ ചുമതലപ്പെടുത്തിയതായും കളക്ടർ പറഞ്ഞു.

(പി.ആർ. ശബരി 328)



കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER | 26 | 2017 |
| --- | --- | --- |



ശബരിമല പത്രക്കുറിപ്പ്-2

മീഡിയ സെന്റർ ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2018@gmail.com

## തങ്കഅങ്കി പ്രഭയിൽ മണ്ഡലപൂജ

# മണ്ഡലകാലത്തിനു സമാപനം; മകരവിളക്കിനായി 30ന് നടതുറക്കും

ശബരിമല: ശരണം വിളികളാൽ മുഖരിതമായ നാൽപ്പത്തിയൊന്നു ദിവസത്തെ മണ്ഡലകാല തീർഥാടനത്തിന് സമാപനം കുറിച്ച് ഇന്നലെ മണ്ഡലപൂജ (ഡിസംബർ 26) നടന്നു. രാവിലെ 11.04ന് തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെ കാർമികത്വത്തിൽ തങ്കഅങ്കി അയ്യപ്പ വിഗ്രഹത്തിൽ ചാർത്തിയാണ് മണ്ഡലപൂജ നടന്നത്. മേൽശാന്തി എ.വി. ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി സഹകാർമികനായി. വിശേഷാൽ കളഭാഭിഷേകവും 25 കലശവും നടന്നു. രാത്രി 10ന് ഹരിവരാസനം പാടി നട അടച്ചതോടെ മണ്ഡലകാലത്തിന് സമാപനമായി. മകരവിളക്ക് ഉത്സവത്തിനായി ഡിസംബർ 30ന് വൈകിട്ട് അഞ്ചിന് നടതുറക്കും. ര ു ദിവസങ്ങളിലായി വലിയ തിരക്കാണ് ശബരിമലയിൽ അനുഭവപ്പെട്ടത്.

(പി.ആർ. ശബരി 329)

# അന്നമേകിയത് 14.19 ലക്ഷം പേർക്ക്

ശബരിമല: ദേവസ്വം ബോർഡിന്റെ പമ്പയിലെയും സന്നിധാനത്തെയും അന്നദാന മണ്ഡപം വഴി 41 ദിവസത്തിനുള്ളിൽ അന്നമേകിയത് 14.19 ലക്ഷം പേർക്ക്. പമ്പയിലെ അന്നദാനമണ്ഡപത്തിൽ 5,08,149 പേരും സന്നിധാനത്ത് 9,11,238 പേരും ഭക്ഷണം കഴിച്ചു.

സന്നിധാനത്തെ 24 മണിക്കൂറും പ്രവർത്തിക്കുന്ന അന്നദാനമണ്ഡപത്തിൽ നാനൂറോളം പേരാണ് നാലു ഷിഫ്റ്റുകളിലായി സേവനത്തിനുള്ളത്. രാവിലെ ആറു മുതൽ 10.30 വരെയാണ് പ്രഭാതഭക്ഷണ വിതരണം. ഉപ്പുമാവും കടലക്കറിയും ചുക്കുകാപ്പിയുമാണ് നൽകുക. 11 മുതൽ വൈകിട്ട് നാലു വരെ ഊണ് നൽകും. ചോറിനൊപ്പം സാമ്പാർ, തോരൻ, അവിയൽ, അച്ചാർ, രസം എന്നിവയു ്. നാലുമണി മുതൽ ഏഴുവരെ മണ്ഡപം വൃത്തിയാക്കൽ പ്രവൃത്തികൾ നടക്കും. തുടർന്ന് ഏഴുമുതൽ അത്താഴം നൽകും. കഞ്ഞിയും ചെറുപയറും അച്ചാറുമാണ് നൽകുക. ഇത് രാത്രി 11.15 വരെ നീളും. രാത്രി 12 മുതൽ വെളുപ്പിന് 5.15 വരെ ഉപ്പുമാവും ഉള്ളിക്കറിയും ചുക്കുകാപ്പിയും ലഭിക്കും. സ്പെഷൽ ഓഫീസർ ജി. സുജാതൻ നായർ, അസിസ്റ്റന്റ് ഓഫീസർ സത്യൻ എന്നിവരുടെ നേതൃത്വത്തിലാണ് സന്നിധാനത്തെ പ്രവർത്തനം.

പമ്പയിൽ 75 പേരാണ് ജോലിയിലുള്ളത്. രാവിലെ ആറു മുതൽ 10.30 വരെ ഉപ്പുമാവും കടലക്കറിയും ചുക്കുകാപ്പിയുമാണ് നൽകുക. 11 മുതൽ വൈകിട്ട് നാലു വരെ ഊണ് നൽകും. ചോറിനൊപ്പം സാമ്പാർ, തോരൻ, അവിയൽ, അച്ചാർ, രസം എന്നിവയു ്. വൈകിട്ട് അഞ്ചു മുതൽ രാത്രി 12 വരെ പൊങ്കൽ നൽകും. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ദിലീപ് കുമാർ, സ്പെഷൽ ഓഫീസർ സൈനുരാജ് എന്നിവരുടെ നേതൃത്വത്തിലാണ് പമ്പയിലെ പ്രവർത്തനം.

(പി.ആർ. ശബരി 330)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.